കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വർക്കല നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.1850/2017

തീയതി: 02.09.2017

Phone No: 0471-2331231

Email:lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർമാൻ/ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

വർക്കല നഗരസഭ.

സർ,

വിഷയം: വർക്കല നഗരസഭ- 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 18-ാം ചട്ടം, 1994ലെ കേരള നഗരപാലിക നിയമം 295 (4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.1850/2017
തീയതി: 02.09.2017

## തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം - വകുപ്പ് 295(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയുടെ 18-12-2016 മുതൽ 31-03-2017തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.എം. മോഹനൻ പിള്ള,ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19. 08.2017മുതൽ 30.08.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.എ.മുഹമ്മദ് സലിം. (അസി.ഓഡിറ്റ് ഓഫീസർ)

2. ശ്രീമതി.എസ്.എസ്.ശ്യാമപ്രിയ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
3. ശ്രീ.എസ്.സുജേഷ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.എസ്. വിനോദ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
5. ശ്രീ.ശരത്.ജെ.ശങ്കർ (ഓഡിറ്റർ)

(ബി) നിർവ്വഹണാധികാരികൾ

ചെയർമാൻ : ശ്രീമതി ബിന്ദു ഹരിദാസ് 1.04.2016 മുതൽ 31.03.2017വരെ

സെക്രട്ടറി : ശ്രീ.നൈസാം 01-04-16 മുതൽ 25-06-16 വരെ

ശ്രീ.സുബോധ്.എസ് 26-06-16 മുതൽ 31-03-17 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് |
|---|---|
| മുനിസിപ്പൽ എൻജിനീയർ | ശ്രീ.എസ്.സുരേഷ് കുമാർ<br>01-04-16 മുതൽ 31-03-17 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അലോഷ്യ ആൻഡ്രൂസ്<br>01-04-16 മുതൽ 08-02-17 വരെ |
| | ശ്രീ.കെ.സിയാദ്<br>09-02-17 മുതൽ 31-03-17 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ദീപു.ബി.എഫ്<br>01-04-16 മുതൽ 31-03-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.താഹിറ ബീഗം.എ<br>01-04-16 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുഗന്ധി<br>01-04-16 മുതൽ 15-06-16 വരെ |

| | |
|---|---|
| | |
| | ശ്രീമതി.ബീന.ജി.ആർ<br>16-06-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നിഷ രാജ്<br>01-04-16 മുതൽ 31-03-17 വരെ |
| സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി | ഡോ.അജിത്കുമാർ.എസ്.എൽ<br>01-04-16 മുതൽ 31-03-17 വരെ |
| എച്ച്.എം, എൽ.പി.ജി.എസ് | ശ്രീ.എസ്.എസ്.ഷൈൻ<br>01-04-16 മുതൽ 31-03-17 വരെ |
| പ്രോജക്ട് ഓഫീസർ<br>നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീ.രാജേഷ്. (ജെ.എച്ച്.ഐ)<br>01-04-16 മുതൽ 23-09-16വരെ |
| | ശ്രീമതി.ഉസൈബ (ജെ.പി.എച്ച്.എൻ)<br>23-09-16 മുതൽ 02-11-16 വരെ |
| | ശ്രീ.സി.രാജേഷ് (യു.ഡി.സി)<br>03-11-16 മുതൽ 16-11-16 വരെ |
| | ശ്രീ.എ.റ്റി.സോജി (യു.ഡി.സി)<br>17-11-16 മുതൽ 31-03-17 വരെ |

ഉള്ളടക്കം

| ക്രമ | ഭാഗം - 1 | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | *തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം* | 2-1 | |
| 13 | *ബി.എസ്.എൻ.എല്ലിന്റെ സ്ഥാപന നികുതി ഈടാക്കിയില്ല* | 2-2 | |

| | | | |
|---|---|---|---|
| | | | |
| 14 | ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-3 | |
| 15 | അനധികൃത മൊബൈൽ ടവറുകൾ- സ്റ്റോപ്പ് നോട്ടീസ് നൽകാൻ നടപടി സ്വീകരിക്കണം | 2-4 | |
| 16 | ഡി ആന്റ് ഓ ലൈസൻസ് ഫീ - നടപടിക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി | 2-5 | |
| 17 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-6 | |
| 18 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം | 2-7 | |
| 19 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു. | 2-8 | |
| | ഭാഗം-3 | | |
| 18 | മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് | 3-1 | |

| | | | |
|---|---|---|---|
| | ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവും നൽകുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ നഗരസഭയ്ക്ക് അധികച്ചെലവ്-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | | |
| 19 | സി.പി.ഡബ്ല്യൂ.ഡി/ഡി.എസ്.ആർ അനുവദനീയമല്ലാത്ത പ്രവൃത്തി ഉൾപ്പെടുത്തി പ്രോജക്ട് നിർവ്വഹണം നടത്തി- നഗരസഭയ്ക്ക് 97689.67 രൂപ നഷ്ടം | 3-2 | |
| 20 | പൊതുമരാമത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല | 3-3 | |
| 21 | മതിയായ കാരണം കൂടാതെ കാലാവധി ദീർഘിപ്പിച്ച് നൽകി | 3-4 | |
| 22 | മരാമത്ത് പ്രവൃത്തി യഥാസമയം ആരംഭിക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല | 3-5 | |
| 23 | പൊതുമരാമത്ത് പ്രവൃത്തികൾ-മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 3-6 | |
| 24 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- | 3-7 | |

| | | | |
|---|---|---|---|
| | കരാർ ചമച്ചില്ല | | |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-8 | |
| 26 | ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ - സിഡ്കോയുമായി കരാർ ചമച്ചില്ല | 3-9 | |
| 27 | ഹോമിയോ ആശുപത്രിക്ക് ടെലിഫോൺ ചാർജ്- തുക മുൻകൂറായി പിൻവലിച്ചു | 3-10 | |
| 28 | ഭവന പുനരുദ്ധാരണം-എല്ലാ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചിട്ടില്ല | 3-11 | |
| 29 | എച്ച്.എം.നിർവ്വഹണം നടത്തിയ പ്രോജക്ക്റ്റ് വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-12 | |
| 30 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു | 3-13 | |
| 31 | തൊഴിൽ പരിശീലനത്തിനും സെമിനാർ നടത്തുന്നതിനും വികസന ഫണ്ട് ചെലവഴിച്ചു. | 3-14 | |
| 32 | ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-15 | |

| | | | |
|---|---|---|---|
| 33 | 355000 രൂപ ചെലഴിച്ച് വാങ്ങിയ ജനറേറ്റർ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്തില്ല-തുക തടസ്സപ്പെടുത്തുന്നു | 3-16 | |
| 34 | അങ്കണവാടികൾ- പ്രവർത്തനാവലോകനം | 3-17 | |
| 35 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-18 | |
| 36 | തെരുവ് വിളക്കുകൾ മീറ്ററിംഗ് സ്ഥാപിക്കൽ- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 3-19 | |
| 37 | വെള്ളക്കരം കുടിശ്ശിക- തീർപ്പാക്കണം | 3-20 | |
| 38 | ഇ.പി.എഫ് വിഹിതം ശുചിത്വമിഷൻ അക്കൗണ്ടിൽ നിന്നും റിക്കവറി നടത്തിയത് തിരികെ Recoup ചെയ്തില്ല. | 3-21 | |
| 39 | മുൻകുറുകൾ ക്രമീകരിച്ചിട്ടില്ല | 3-22 | |
| 40 | ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കാൻ ബാക്കി നിൽക്കുന്നു | 3-23 | |
| 41 | വാഹനങ്ങളുടെ പരിപാലനം ,അപാകങ്ങൾ | 3-24 | |
| 42 | പ്രോജക്ട് നിർവ്വഹണം- അംഗീകാരം നേടിയതിൽ നിന്നും വ്യതിചലിക്കുന്നു | 3-25 | |

| | | | |
|---|---|---|---|
| 43 | സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് നാളിതുവരെയും തിരികെ ഈടാക്കിയിട്ടില്ല. | 3-26 | |
| | ഭാഗം- 4 | | |
| 44 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 | |
| 45 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിശദാംശം. | 4-2 | |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 | |
| 47 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 | |
| 48 | സ്ഥിരനിക്ഷേപങ്ങൾ. | 4-5 | |
| 49 | ഓഡിറ്റ് റിക്കവറി. | 4-6 | |
| 50 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 51 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 | |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-9 | |

| | | | |
|---|---|---|---|
| 53 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് (റിവൈസ്ഡ്) 1ാം നമ്പർ തീരുമാനപ്രകാരം 01.03.2016 ൽ അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ രൂപ 397519067/-വരവും രൂപ 321920500/- ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 219082376.75 രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 151908985/-രൂപയുമാണ്. ബജറ്റിൽ വിഭാവനം ചെയ്ത പ്രോജക്ടുകൾ പൂർണ്ണമായും നഗരസഭയ്ക്ക് നടപ്പാക്കാനായിട്ടില്ലെന്നാണ് വാർഷിക ധനകാര്യ പത്രിക യിലെ ചെലവിനത്തിലെ കുറവ് വ്യക്തമാക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-08-2017 | 01-08-17 | 17-08-2017 | 19-08-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെവിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-08-17 മുതൽ 29-08-17 വരെ | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 55239262.75

വരവ് : 163843114.00

ആകെ : 219082376.75

ചെലവ് : 151908985.00

നീക്കിയിരിപ്പ് : 67173391.75

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 27233392 | 27233392 | 27233392 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 19039000 | 19039000 | 19039000 | 0 |
| ബി-ഫണ്ട് | 0 | 271320 | 271320 | 271320 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 7994380 | 7994380 | 7994380 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 7300036 | 7300036 | 7300036 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 26933417 | 26933417 | 26933417 | 0 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 288738 | 288738 | 288738 | 0 |
| എസ്.ബി.ഐ തനത് ഫണ്ട് | 0 | 348788 | 348788 | 348788 | 0 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്(തനത്) | 4100034 | 26882205 | 30982239 | 31005469 | -23230 |

| | | | | | |
|---|---|---|---|---|---|
| ബാങ്ക് ഓഫ് ബറോഡ(തനത്) | 11478 | 542 | 120120 | 115 | 11905 |
| ധനലക്ഷ്മി ബാങ്ക് (തനത്) | 6791.06 | 0 | 6791.06 | 6791 | .06 |
| ട്രഷറി എം.എഫ്. എ/സി1 | -1400 | 246125 | 244725 | 246125 | -1400 |
| ട്രഷറി പി.എഫ്.എ/ സി(ലോൺ അക്കൗണ്ട്) | 1657727 | - | 1657727 | 1629532 | 28195 |
| ഐ.ഒ.ബി. IHSDP | 1529704 | 89686 | 1619390 | 108250 | 1511140 |
| യൂണിയൻ ബാങ്ക് IHSDP | 23765129 | 972950 | 24738079 | 2915039 | 21823040 |
| സ്വച്ഛ് ഭാരത് ICICI | 2666500 | 2062942 | 4729442 | 2426660 | 2302782 |
| എസ്ബിഐ. സെൻസസ് a/c | 211476 | 410532 | 622008 | 291541 | 330467 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക് (പൈപ്പ് കണക്ഷൻ പ്രോജക്റ്റ്) | 272324 | 0 | 272324 | 0 | 272324 |
| ടൂറിസം ധനലക്ഷ്മി ബാങ്ക് | 52829.47 | 817 | 53646.47 | 53354 | 292.47 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ധനലക്ഷ്മി -ക്ലീൻ കേരള | 11343800.22 | 146019 | 11489819.22 | 11456847 | 32972.22 |
| അമൃതം ഗമയ ധനലക്ഷ്മി | 3880000 | 10814 | 3890814 | 3880000 | 10814 |
| ബയോഗ്യാസ് പൈപ്പ് കംബോസ്റ്റ് ധനലക്ഷ്മി | 354660 | 971 | 355631 | 355594 | 37 |
| ഐ.സി.ഡി.എസ് | 552684 | 1223382 | 1776066 | 456793 | 1319273 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (PUNJAB NATIONAL BANK) | 12228732 | 2943315 | 4172047 | 2571995.93 | 1600051.07 |
| SBI (73021) | 0 | 986486 | 986486 | 986486 | 0 |
| CORPORATION BANK (NULM FUND) | 0 | 1463574 | 1463574 | 500000 | 963574 |
| IOB (TOURISM) 30685 | 0 | 54325 | 54325 | 0 | 54325 |
| IOB (അമൃതം | 0 | 3959978 | 3959978 | 304920 | 3655058 |

| | | | | | |
|---|---|---|---|---|---|
| ഗമയ) 30686 | | | | | |
| IOB (ബയോഗ്യാസ്) 30683 | 0 | 361780 | 361780 | 45125 | 316655 |
| IOB (തനത് ഫണ്ട്) 30687 | 0 | 34572906 | 34572906 | 28469531 | 6103375 |
| IOB ശുചിത്വമിഷൻ (30682) | 0 | 11694038 | 11694038 | 1166370 | 10527668 |
| കാനറ ബാങ്ക് (PMAY) | 0 | 13970000 | 13970000 | 0 | 13970000 |
| റ്റി.എസ്.ബി തനത് ഫണ്ട് അക്കൗണ്ട് | 3391442 | 15878999 | 19270441 | 17301149 | 1969292 |

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 51221360/- രൂപയും ചെലവ് 132773646.50/-രൂപയുമാണ്.
2. 2015-16 വാർഷികധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പരസ്യനികുതിയിന ത്തിലെയും ഓഫീസ് കെട്ടിടങ്ങളുടെ വാടകയിനത്തിലെയും കുടിശ്ശിക യഥാക്രമം 25404/-രൂപയും 3041/-രൂപയുമാണ്. എന്നാൽ 2016-17 ലെ RP-37 ഷെഡ്യൂൾ പ്രകാരം ഈ ഇനങ്ങളിലെ കുടിശ്ശികയായി 100865/-രൂപയും, 15205/- രൂപയും ഈടാക്കിയിട്ടുണ്ട്.
3. ഗുണഭോക്താക്കൾക്ക് അക്കൗണ്ട് വഴി നൽകിയ പെൻഷൻ തുക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. A,C ഫണ്ടുകളുടെ വരവാണ് B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്.
5. General ledger trial balance പ്രകാരമുള്ള 2015-16 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് 29621280.90/- രൂപയാണ്. 2016-17 ലെ -ഈ ഇനത്തിലെ മുന്നിരിപ്പ് 159868009.90/- രൂപയാണ്.
6. I-6 ഷെഡ്യൂളിൽ A,C ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തിയിട്ടില്ല.

7. അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. Try M.F.A/C-1ന്റെ വാർഷികധനകാര്യ പത്രികപ്രകാരമുള്ള മുന്നിരിപ്പും നീക്കിയിരുപ്പും -1400/-രൂപയാണ്. എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പും നീക്കിയിരുപ്പും 1400/-രൂപയാണ്.
9. ട്രഷറി M.F.A.I,T.S.B (own fund)അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
10. M.C.F. (II-A, II-B, II-C, III, IV, V) അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
11. I.O.B. Tourism അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
12. പരസ്യനികുതിയിനത്തിലെ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ വരവ് 233900/-രൂപയാണ് എന്നാൽ വാർഷികധനകാര്യ പത്രികപ്രകാരം ഈ ഇനത്തിൽ വരവില്ല
13. ഡി.&ഒ,തൊഴിൽ നികുതി, വാടകയിനങ്ങളിലെ രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
14. കെട്ടിടനികുതിയിനത്തിൽ വാർഷികധനകാര്യ പത്രികപ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുക 13581895/-രൂപയാണ്. സഞ്ചയ software പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുക 2239193/- രൂപയാണ്.
15. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
16. B-4ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 1175269/-രൂപ അവശേഷിക്കുന്നുണ്ട്.
17. B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസിനത്തിൽ 10,696,794/- രൂപയുണ്ട് ആയത് ക്രമീകരിച്ചിട്ടില്ല.
18. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള K.U.R.D.F.C.ലോൺ തിരിച്ചടവ് 1410515/- രൂപയാണ്. രജിസ്റ്റർ പ്രകാരമുള്ള ഈ ഇനത്തിലെ തിരിച്ചടവ് തുക 115783/- രൂപയാണ്. ലോൺ സ്റ്റേറ്റ്മെന്റ്,ലോൺ രജിസ്റ്റർ (ഇ.എം.എസ്) എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
19. B-11 ഷെഡ്യൂൾ പ്രകാരം capital work in progress എന്ന ഹെഡിൽ 12016999/- രൂപയുണ്ട്.തൻവർഷം part payment ആയി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല..
20. I.K.M. വിഹിതമായി 2015623/-രൂപ ഒടുക്കിയിട്ടുണ്ട്.ആയത് വാർഷികധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.
21. I.O.B.(own fund) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 23230/-രൂപയും വാർഷികധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ്-23230/-രൂപയുമാണ്.

22. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള ആകെ വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 290057419 | 112 | 88788963 | 13 | 102 | 49.33 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 49.33% പ്രോജക്ടുകൾ മാത്രമേ തൻവർഷം പൂർത്തീകരിക്കുവാനായിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ നഗരസഭ കാര്യക്ഷമത പുലർത്തിയിട്ടില്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിൽ നഗരസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

<u>പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- നഗരസഭയ്ക്ക് നഷ്ടമായത് 4.22 കോടി രൂപ</u>

നഗരസഭയ്ക്ക് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 42264679/- രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ചെലവഴിച്ച തുക | നഷ്ടമായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 36548786 | 27233392 | 9315394 |
| വികസനഫണ്ട് എസ്.സി.പി. | 20649471 | 19039000 | 1610471 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 13038057 | 7994380 | 5043677 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 8850243 | 7300036 | 1550207 |

| | | | |
|---|---|---|---|
| $13^{th}$ CFCഗ്രാന്റ് | 47532613 | 26933417 | 20599196 |
| പെർഫോർമൻസ് ഗ്രാന്റ് | 4434472 | 288738 | 4145734 |
| ആകെ | 131053642 | 88788963 | 42264679 |

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 42.82 % വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 5220779 | 5730340 | 509561 | 9.7 |
| കെട്ടിട നികുതി | 12481640 | 13581895 | 1100255 | 8.8 |
| പരസ്യ നികുതി | 138791 | 100865 | -37296 | -27.32 |
| വിനോദ നികുതി | 1500602 | 2441366 | 940764 | 62.69 |
| *നികുതിയേതര വരവുകൾ* | | | | |
| ഷോപ്പിംഗ് കോംപ്ലക്സ്/വാടക | 2952830 | 2805048 | -140082 | -5 |
| ഡി&ഒ ലൈസൻസ് | 207081 | 191966 | -15115 | 7.29 |
| മറ്റ് വരവുകൾ | 5942519 | 5149383 | -793136 | -13.34 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 271320 | - |
| കർഷക തൊഴിലാളി പെൻഷൻ | 121020 | 17 |
| വിധവാപെൻഷൻ | 17101850 | 1926 |
| വാർദ്ധക്യകാല പെൻഷൻ | 23063855 | 3238 |
| വികലാംഗ പെൻഷൻ | 3730180 | 396 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 151960 | 15 |

(വാർഷിക ധനകാര്യ പത്രിക പ്രകാരം)

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 170088/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

നഗരസഭയിലെ ഫയൽ പരിപാലനം തൃപ്തികരമല്ല. ഫയലുകൾ തുടർനടപടികൾക്കായി ഒരു സെക്ഷനിൽ നിന്നും മറ്റൊരു സെക്ഷനിലേക്ക് കൈമാറുമ്പോൾ ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും ഉൾക്കൊള്ളിക്കുന്നില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഫൈൻ ഈടാക്കേണ്ടതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തുന്നത് തുടർനടപടി സ്വീകരിക്കേണ്ട അക്കൗണ്ട്സ് സെക്ഷൻ അവഗണിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-01-2016 മുതൽ 18-01-2016 വരെ<br>ഇന്റേർണൽ ഓഡിറ്റ് -കെ.എൽ.എസ്.ജി.ഡി.പി പ്രോജക്ട് | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-02-16 | 2015-16 | 22/08/17 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം

*എ) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2016-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

| ക്രമനം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | IIFL ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 2 | നാഷണൽ ഡയഗ്നോസ്റ്റിക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 3 | പോംനെറ്റ് കമ്പ്യൂട്ടർ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | സ്കാൻ ബയോ ലബോറട്ടറി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | സിൽവർ പാലസ് ഗോൾഡ് വർക്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | യൂഡി ഓഡിറ്റോറിയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | ഫെഡറൽ ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 8 | സീപാഡ് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | സോൾ ആന്റ് സർഫ് റിസോർട്ട് | രണ്ടാം അർദ്ധവർഷം |
| 10 | വർക്കല വില്ലാസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | എസ്.ബി റീജൻസി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | പൂർണ്ണ ആയുർവേദ ചികിത്സാലയം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | കൺട്രി ഇൻ ബീച്ച് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 14 | കൃഷ്ണ റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | റിസോർട്ട് (ജെ.ജലാലുദ്ദീൻ) | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | സീഷോർ റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | ലൂയിസ് ഗോമസ് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | കൈരളി യോഗശാല ആന്റ് ആയുർവേദ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | ആലിസെറ ആയുർവേദിക് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 20 | ബാംബു വില്ലേജ് റിസോർട്ട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 21 | അൽഫാ ട്രാവൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 22 | മാരുതി സുസുക്കി | രണ്ടാം അർദ്ധവർഷം |
| 23 | ഗാലക്സി ജെൻസ് ടെക്സ്റ്റൈൽസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 24 | നോബിൾ ഓട്ടോ ഗ്യാരേജ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 25 | എസ്.എസ്.എൻ.എം നഴ്സിംഗ് ഹോം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 26 | മലബാർ ബാങ്കേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 27 | ക്യാഷ് ടെക് കമ്മ്യൂണിക്കേഷൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 28 | ദിവ്യപ്രഭ ക്ലിനിക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 29 | മാനേജർ, സീഷോർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ബി) 2016-17 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളവരുടെ വിവരം പൂർണ്ണമായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ വീഴ്ച വരുത്തിയവരുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സി) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | ആകെ അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | KSEB ഇല സബ്ഡിവിഷൻ, വർക്കല | ശ്രീ.രാജേഷ് (Ist half) | മസ്ദൂർ | 127508 | 1250 | 1000 | 250 |
| 2 | KSEB ഇല സബ്ഡിവിഷൻ, വർക്കല | ശ്രീ.സതീശൻ | മസ്ദൂർ | 127516 | 1250 | 1000 | 250 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | KSEB ഇല സബ്ഡിവിഷൻ, വർക്കല | ശ്രീ.ജയൻ | മസ്ദൂർ | 127524 | 1250 | 1000 | 250 |
| 4 | പെട്രോസിൽ എഞ്ചിനീയേഴ്സ് പ്രൈ.ലിമി. | ശ്രീ.ജിനോ തോമസ് | സീനി. ഡിസൈനർ | 78667 | 750 | 600 | 150 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12) ന് തൊഴിൽ നികുതി ഈടാക്കുന്നതിനും രജിസ്റ്റർ പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് നഗരസഭ അറിയിച്ചു. നടപടി ത്വരിതപ്പെടുത്താൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനനികുതി ഈടാക്കിയില്ല

*മുനിസിപ്പൽ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2016-17 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്. എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.*

## 2-3 ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ചുവടെപ്പറയുന്ന വ്യക്തികളിൽ നിന്നും ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുവാനുണ്ട്.

| ക്രമ നം. | ഷോപ്പ് | പേര്, വിലാസം | വാടക കുടിശ്ശിക | കാലയളവ് |
|---|---|---|---|---|
| 1 | എസ്20 (പുന്നമൂട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്) | ശ്രീ.എൻ.സുരേഷ് കുന്നത്തു വിളവീട് മൈതാനം | 7 x 2066 =14462 | 09/2016 മുതൽ 03/2017 വരെ |

| | | | | |
|---|---|---|---|---|
| 2 | എം 19 (പുന്നമൂട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്) | ശ്രീ.വിനയൻ, മാവിള വീട്, മുണ്ടയിൽ | 112 x 633 = 70896 | 02/2006 മുതൽ 26-06-15 വരെ |
| 3 | ബങ്ക് നമ്പർ 11 | ശ്രീ.ഗിരീഷ് കുമാർ, വെളിക്കാട് വീട് | 120 x 869 =104280 | 06/2005 മുതൽ 26-06-15 വരെ |
| 4 | മാവേലി സ്റ്റോർ | മുനിസിപ്പൽ ഓഫീസിന് സമീപം | 9 x 2415 =21735 | 07/2016മുതൽ 03/2017 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16 ന്) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമനം 1,3 പ്രകാരമുള്ള ഷോപ്പുകൾ മുനിസിപ്പാലിറ്റി വകുപ്പുതലത്തിൽ പ്രവർത്തനം അവസാനിപ്പിച്ചുവെന്നും എന്നാൽ കുടിശ്ശിക ഈടാക്കിയിട്ടില്ലെന്നും മറുപടി നൽകി. ക്രമ നം 2,4 പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്രട്ടറി മറുപടി നൽകി. വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

## 2-4 അനധികൃത മൊബൈൽ ടവറുകൾ - സ്റ്റോപ്പ് നോട്ടീസ് നൽകാൻ നടപടി സ്വീകരിക്കണം

2016-17 വർഷം നഗരസഭാ പരിധിയിൽ 14 മൊബൈൽ ടവറുകൾ പ്രവർത്തിച്ചിട്ടുണ്ട്. ഇവയിൽ നാലെണ്ണം അനധികൃതമാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.3) നൽകിയ മറുപടിയിൽ സെക്രട്ടറി രേഖപ്പെടുത്തിയിട്ടുണ്ട്. റഗുലറൈസ് ചെയ്യാത്തതും നികുതി ഒടുക്കാത്തതുമായ ടവറുകളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുവാനുള്ള അറിയിപ്പ് കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ സ്റ്റോപ്പ് നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി ആന്റ് ഓ ലൈസൻസ് ഫീ - നടപടിക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2015-16 വർഷ ഡിമാന്റിലുൾപ്പെട്ട ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09) നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ ഡിമാന്റിൽ നിന്നും ഒഴിവാക്കിയെന്ന് നഗരസഭ മറുപടി നൽകി. 1999 ലെ കേരള മുനിസിപ്പാലിറ്റി വസൂലാക്കാൻ സാധിക്കാത്ത നികുതികൾ എഴുതിതള്ളൽ ചട്ടങ്ങൾ പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട ഏതെങ്കിലും

നികുതി പിരിച്ചെടുക്കാൻ സാധിക്കാത്ത പക്ഷം കാരണം കാണിച്ചുകൊണ്ട് ഒരു ലിസ്റ്റ് സെക്രട്ടറി ആറുമാസത്തിലൊരിക്കൽ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആയത് ചർച്ച ചെയ്ത ശേഷം നഗരസഭാ കൗൺസിലിന് സമർപ്പിക്കേണ്ടതും കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി മാത്രം ഡിമാന്റിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ചുവടെപ്പറയുന്ന സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

| ക്രമ നം. | വാർഡ് നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | തുക |
|---|---|---|---|---|---|
| 1 | XXIV | 212 | ശ്രീ.എസ്.സുജിത് | റെഡിമെയ്ഡ് | 500 |
| 2 | XXIV | 303A | ശ്രീ.സംഗീത് | ആയുർവേദ ട്രീറ്റ്മെന്റ് | 700 |
| 3 | I | 62 | ശ്രീ.ഷംനാദ് ഷാ | ട്രാവൽ ഏജൻസി | 500 |
| 4 | I | 92 | ശ്രീ.സമീർ, മോനി മൻസിൽ | അലുമിനിയം ഫാബ്രിക്കേഷൻസ് | 400 |
| 5 | I | 87 B | ശ്രീമതി.ജബീസ അൻസാർ | പുസ്തക വിൽപ്പന | 300 |
| 6 | I | 125 A-F | ശ്രീ.ആർ.തുളസി | ലോഡ്ജിംഗ് | 800 |
| 7 | I | 132 PQ | ഡോ.സുജീഷ് | ആയുർവേദ ട്രീറ്റമെന്റ് | 700 |
| 8 | I | 135 A | ഡോ.പ്രദീപ് കുമാർ | ആയുർവേദ ട്രീറ്റ്മെന്റ് | 700 |
| 9 | I | 160 I | ശ്രീ.മുഹമ്മദ് ഇബ്രാഹിം | ഓർണമെന്റ്സ് | 200 |
| 10 | I | 161 B | ശ്രീ.അദീഷ് സുന്ദർ | ആയുർവേദ ട്രീറ്റ്മെന്റ് | 700 |

| | | | | | |
|---|---|---|---|---|---|
| 11 | I | 161 CF | ശ്രീ.അബ്ദുൾ ഷുക്കൂർ | ലോഡ്ജിംഗ് | 1000 |
| 12 | I | 163 B | ഡോ.ബാബു | ആയുർവേദ ക്ലിനിക് | 700 |
| 13 | I | 168 B | ശ്രീ.ആർ.അരുൺ | ആയുർവേദ ക്ലിനിക് | 700 |
| 14 | I | 87 F | ശ്രീമതി.ജഹീസ അൻസാർ | റെഡിമെയ്ഡ് | 450 |
| 15 | I | 230 J | ശ്രീ.ബിനു ജോയി | ആയുർവേദ ചികിത്സ | 700 |
| 16 | I | 235 D | ശ്രീ.റിയാസ് അഹമ്മദ് | ഹാൻഡിക്രാഫ്റ്റ്സ്, ജ്വല്ലറി | 350 |
| 17 | I | 246 EF | ശ്രീ.സുധീഷ് കുമാർ | ആയുർവേദ ചികിത്സ | 700 |
| 18 | I | 248 | ശ്രീ.ജെ.വിശ്വംഭരൻ വൈദ്യർ | ആയുർവേദ ചികിത്സ | 700 |
| 19 | I | 87 F | ശ്രീമതി.ജഹീസ അൻസാർ | റെഡിമെയ്ഡ് | 450 |
| 20 | I | 132 D | ശ്രീമതി.ബിന്ദു | ബ്യൂട്ടി പാർലർ | 200 |
| 21 | II | 6 | ശ്രീ.സുരേഷ് കുമാർ.എസ് | സിമന്റ് | 200 |
| 22 | | 62 | ശ്രീ.രവീന്ദ്രൻ | വെൽഡിംഗ് വർക്ക് ഷോപ്പ് | 140 |
| 23 | | 91 | ശ്രീ.അബ്ദുൾ മനാഫ് | ഫുഡ് ഐറ്റംസ് | 950 |
| 24 | | 224 F | ശ്രീ.എസ്.സജി | ലോഡ്ജിംഗ് | 1300 |

| | | | | | |
|---|---|---|---|---|---|
| 25 | | 224 K | ശ്രീമതി.എൻ.പ്രിയാ ദേവി | ആയുർവേദ ട്രീറ്റ്മെന്റ് | 700 |
| 26 | XVII | 19 A | ശ്രീ.കെ.ജയദേവൻ | ഹാർഡ് വെയർ | 650 |
| 27 | XVII | 26 C | ശ്രീ.ജി.പ്രസാദ് | മണ്ണ്, ചുടുകട്ട വ്യാപാരം | 300 |
| 28 | XVII | 33 | ശ്രീ.അജിൽ | വെസ്സൽസ് ഫോർ റെന്റ് | തുക രേഖപ്പെടുത്തിയിട്ടില്ല |
| 29 | XVII | 34 | ശ്രീ.പി.പ്രദീപ് | എക്സ് റേ ഫിലിം ഡിസ്ട്രിബ്യൂഷൻ | 300 |
| 30 | XVII | 47 E | ശ്രീമതി.എം.നിഷ | ബ്യൂട്ടി പാർലർ | 600 |
| 31 | XVII | 47 L | ശ്രീമതി.സുമി,<br>എസ്.ആർ ഭവൻ | ഫോട്ടോ സ്റ്റാറ്റ് | 100 |
| 32 | XVII | 59 C | ശ്രീ.ആർ.സോമരാജൻ | മെഡിസിൻ | 175 |
| 33 | XVII | 78 | ശ്രീ.ശിവപ്രസാദ് | ഹാൻഡിക്രാഫ്റ്റ്സ് വർക്സ് | 200 |
| 34 | XVII | 100 | ശ്രീമതി.അനിത സജി | സ്റ്റിച്ചിംഗ് സെന്റർ | 100 |
| 35 | XVII | 101 | ശ്രീമതി.പാർവ്വതി ദാസ് | മിൽക്ക് | 200 |
| 36 | XVII | 102 | ശ്രീ.എസ്.സജി | ഇല. മോട്ടോർ, പാഡി ഹസ്കിംഗ് | 300 |

| | | | | | |
|---|---|---|---|---|---|
| 37 | XVII | 24 | ശ്രീ.വി.ജയമോഹൻ | സ്ക്രീൻ പ്രിന്റിംഗ് | 250 |
| 38 | XVII | 47 N | ശ്രീ.വി.ആർ.സജിൻമോൻ | ജ്വല്ലറി മേക്കിംഗ് ഐറ്റംസ് | 300 |
| 39 | XX | 285 P | ശ്രീ.സി.എസ്.ഷൈജു | ബ്യൂട്ടി പാർലർ | 250 |
| 40 | XX | 380 D | ശ്രീ.അഹമ്മദ് കണ്ണ് | ഇന്റർനെറ്റ് കഫേ | 200 |
| 41 | XXI | 2 | ശ്രീ.അബ്ദുള്ള | സോപ്പ്, സോപ്പ് ഉൽപ്പന്നങ്ങൾ | 185 |
| 42 | XXI | 21 | ശ്രീമതി.ഷീന | പ്ലാസ്റ്റിക് ഐറ്റംസ് | 350 |
| 43 | XXI | 106 B | ശ്രീ.അബ്ദുൾ ബാസി | പ്രൊവിഷൻ സ്റ്റോർ | 400 |
| 44 | XXI | 138 | ശ്രീ.എ.ഷെഫീഖ് | ട്രാവൽ ഏജൻസി | 250 |
| 45 | XXII | 25 D | ശ്രീ.ഷാനവാസ് | വാട്ടർ മാനുഫാക്ചറിംഗ് | 200 |
| 46 | XXII | 34 | ഡോ.പ്രിയ.എ | ഫിസിയോതെറാപ്പിക് ക്ലിനിക് | 300 |
| 47 | XXII | 36 | ശ്രീ.കബീർ | സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല | 165 |
| 48 | XXII | 192 A | ശ്രീധരൻ നായർ | കൊപ്ര എക്സ്പ്ലോറിംഗ്, ഗ്രെയിൻ ഗ്രിൻഡിംഗ് | 350 |
| 49 | XXIII | 55 | ശ്രീ.സരസ്വതി | കെയിൻ ഫർണിച്ചർ | 100 |

| | | | | | |
|---|---|---|---|---|---|
| | | | | വർക്സ് | |
| 50 | IV | 77 E | ശ്രീ.സാബു | ഫുഡ് ഐറ്റംസ് | 300 |
| 51 | VII | 63 | ശ്രീ.എസ്.എ.അഭിലാഷ് | ഇല.മോട്ടോർ വർക്ക് ഷോപ്പ് | 140 |
| 52 | VII | 92 | ശ്രീ.ശശിധരൻ നായർ | ഇലക്ട്രിക്കൽ ഷോപ്പ് | 150 |
| 53 | VII | 186 | ശ്രീമതി.ആർ.എസ്. അംബിരാജ | ട്രാവൽ ഏജൻസി | 300 |
| 54 | XVI | 327 | ശ്രീ.വി.ശശിധരൻ നായർ | സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടു ത്തിയിട്ടില്ല |

## 2-6 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 173525/-രൂപ നാളിതുവരെ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/ 2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും നഗരസഭയിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. വർക്കല നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 162330/-രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 1623/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 2-8 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 507, 1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തിയിട്ടില്ല എന്ന് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.31) സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-9 ലേലനടപടിക്രമം പാലിച്ചില്ല.

നഗരസഭ നീക്കം ചെയ്ത അനധികൃത പരസ്യ ബോർഡുകളുടെ ലേല നടപടികൾക്കായി 16-02-2016 ൽ ഓവർസീയർ 10,000/- രൂപ മുഖവില കണക്കാക്കുകയും അത് പ്രകാരം നഗരസഭാ കൗൺസിലിന്റെ 27-04-2016 ലെ II നം തീരുമാനപ്രകാരം ലേല നടപടികൾ കൈക്കൊള്ളാൻ തീരുമാനിക്കുകയും ചെയ്തു. 09-05-2016 ൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. 18-07-2016 ലെ നഗരഭാ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം നീക്കം ചെയ്ത പരസ്യ ബോർഡുകളിൽ 4000/-രൂപ മുഖവിലയുള്ള പരസ്യ ബോർഡുകൾ മാത്രമേ അവശേഷിക്കുന്നുള്ളൂവെന്നും ബാക്കിയുള്ളവ ഉടമസ്ഥർക്ക് തിരികെ നൽകിയെന്നും അറിയിച്ചു. എഞ്ചിനീയറിംഗ് വിംഗ് നിശ്ചയിച്ച പരസ്യ ബോർഡുകളുടെ മുഖവില 4000/-രൂപയായി നിജപ്പെടുത്തിയ ഹെൽത്ത് ഇൻസ്പെക്ടറുടെ നടപടി ന്യായീകരിക്കത്തക്കതല്ല. ഈ നടപടിക്ക് ഭരണസമിതിയുടെ നടപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ 1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ ചട്ടങ്ങൾ) ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ സ്ഥാപിക്കപ്പെടുന്ന പരസ്യ ബോർഡുകളും കമാനങ്ങളും സെക്രട്ടറി നീക്കം ചെയ്യേണ്ടതും ആയതിന് വേണ്ടി വരുന്ന ചെലവ് പരസ്യം

സ്ഥാപിച്ചവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ചിട്ടില്ല. മേല നടപടിക്രമം കൃത്യമായും പാലിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവും നൽകുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ നഗരസഭയ്ക്ക് അധികച്ചെലവ്-ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി മോർഡ് സ്പെസിഫിക്കേഷൻ അവലംബിച്ചാണ് ചെയ്തിട്ടുള്ളത്. പ്രൈസ് സോഫ്റ്റ് വെയറിൽ പ്രസ്തുത സ്പെസിഫിക്കേഷൻ ഉപയോഗിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടി നിർവ്വഹണം നടത്തി. പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദമായ മാർഗ നിർദേശങ്ങൾ ധനവകുപ്പിന്റെ GO(P)30/2016/29.02.16/FIN ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർ ഹെഡ് ചാർജ്ജും, 10%കരാറുകാരന്റെ ലാഭവും നൽകിയതായിട്ടുണ്ട്. എന്നാൽ മോർത്ത് സ്പെസിഫിക്കേഷനിൽ ഡൽഹി ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും കൂടി ആകെ 15% പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. മോർഡ് സ്പെസിഫിക്കേഷനിൽ ഇപ്രകാരം 20% നൽകാൻ സർക്കാരിന്റെ ഉത്തരവ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 18-ന് സോഫ്റ്റ്വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം കുറവുകൾ വരുത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ആളിന് കഴിയില്ല എന്നും ഇത് സംബന്ധിച്ച് ഗുണഭോക്തൃസമിതിയുടെ നിരക്ക് നിജപ്പെടുത്താൻ സി.ഇ തസ്വഭവ സർക്കുലർ പുറപ്പെടുവിച്ചെങ്കിലും (ഡി.ബി.3/6512(ബി)/2013, 29.12.16) ഇത് സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറോ പുറപ്പെടുവിച്ചിട്ടില്ല എന്നറിയിച്ചു. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച മരാമത്തു പ്രവൃത്തികൾക്കു നൽകിയ വേലമൂല്യത്തിൽ 5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുനിസിപ്പാലിറ്റിയുടെ ഈ ഇനത്തിലുള്ള ചെലവ് വർദ്ധിക്കുവാൻ കാരണമായി. മേൽ വിഷയത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 3-2 സി.പി.ഡബ്ല്യൂ.ഡി/ഡി.എസ്.ആർ അനുവദനീയമല്ലാത്ത

## പ്രവൃത്തി ഉൾപ്പെടുത്തി പ്രോജക്ട് നിർവ്വഹണം നടത്തി- നഗരസഭയ്ക്ക് **97689.67** രൂപ നഷ്ടം

2016-17 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ PWD സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരം sectioning upto 150mm forming the surface for road in hard surface എന്നത് എസ്റ്റിമേറ്റിന്റെ ഒന്നാം ഇനമായി ഉൾപ്പെടുത്തിയിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | അളവ് പുസ്തക നമ്പർ | ബിൽ നം, തീയതി | കരാറുകാരൻ | അനുവദിച്ച് നൽകിയ അളവ് | നഷ്ട തുക |
|---|---|---|---|---|---|---|
| പപ്പുനായർ വിള - ഇടറോഡ് കോൺക്രീറ്റിംഗ് | 50/ 16-17 | 04/ 16-17 | 52/16-17 dated. 21-03-17 | ശ്രീ.ജി.ത്രിദീപ് | $621.61m^2$x 27.30/$m^2$ | 16969.95 |
| ഗസ്റ്റ്ഹൗസ്- കുഴിത്തടം റോഡ് കോൺക്രീറ്റ് | 95/ 16-17 | 31/ 16-17 | 27/16-17 dated 11-02-2017 | ശ്രീ.ബി.ഗോവിന്ദ രാജസെൻ | 366.12x 27.30/$m^2$ | 9995 |
| മാമേച്ച് വീട് റോഡ് കോൺക്രീറ്റ് | 85/17 | 02/ 16-17 | 13/16-17 dated. 14-10-16 | ശ്രീ.ത്രിദീപ് | 592.16 $m^2$ x 27.30/$m^2$ | 16165.97 |
| ടെലഫോൺ എക്സ്ചേഞ്ച് റോഡ് കോൺക്രീറ്റ് | 56/ 16-17 | 105/ 15-16 | 07/16-17 dated. 19-09-16 | ശ്രീ.ത്രിദീപ് | $784.83m^2$ x 27.30/$m^2$ | 21425.85 |
| കല്ലുവിള- എള്ളുവിള ഇടറോഡ് കോൺക്രീറ്റ് | 60/ 16-17 | 01/ 16-17 | 12/16-17 dated. 14-10-16 | ശ്രീ.ത്രിദീപ് | 625x 27.30/$m^2$ | 17062 |

| | | | | | | |
|---|---|---|---|---|---|---|
| വട്ടവിള റോഡ് കോൺക്രീറ്റിംഗ് | 52/ 16-17 | 32/ 16-17 | 38/16-17 dated 04-03-17 | ശ്രീ.അബ്ദുൾ സമദ് | 303.59x 27.3 | (8288-5403) = 2885 |
| മാവുവിള-ആലുവിള റോഡ് കോൺക്രീറ്റിംഗ് | 102/ 16-17 | 05/ 16-17 | 02/16-17 dated 22-09-17 | ശ്രീ.ജി.മുരളി | 483x 27.30/$m^2$ | 13185.9 |
| ആകെ | | | | | | 97689.67 |

സി.പി.ഡബ്ല്യൂ.ഡി പ്രകാരം സെക്ഷനിംഗ് പ്രവൃത്തി അനുവദനീയമല്ല. പ്രസ്തുത പ്രവൃത്തി സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരവും എസ്.ഓ.ആർ അനുസരിച്ചും മുൻകാലങ്ങളിൽ നൽകി വന്നിരുന്നതാണ്. നിലവിൽ സി.പി.ഡബ്യൂ.ഡി പ്രകാരവും ഡി.എസ്.ആർ അനുസരിച്ചുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ അനുവദനീയമല്ലാത്ത ഡാറ്റാ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തിയ ഇനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 97689.67രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/23-08-17) ഓഡിറ്റ് എൻക്വയറിയിൽ പരാമർശിക്കുന്ന ഐറ്റം ഒബ്സർവ്ഡ് ഡാറ്റാ ആക്കി തയ്യാറാക്കി നൽകേണ്ടയിരുന്നുവെന്നും എന്നാൽ പ്രസ്തുത ഒബ്സേർവ്ഡ് ഡാറ്റായ്ക്ക് അംഗീകാരം ലഭിക്കാൻ കാലതാമസം വരുമെന്നതിനാലുമാണ് പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കേണ്ടി വന്നത് എന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി തൃപ്തികരമല്ല. പ്രസ്തുത നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ എക്സി എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 പൊതുമരാത്ത് പ്രവൃത്തികളിൽ പിഴ ഈടാക്കിയില്ല

കരാറുകാരന്റെ പിഴവ് മൂലം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിന് മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കാനാകാത്ത സാഹചര്യത്തിൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥന് പിഴ ഈടാക്കിക്കൊണ്ട് കരാർ ദീർഘിപ്പിച്ച് നൽകാൻ വ്യവസ്ഥയുണ്ട് (കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ഖണ്ഡിക 21.12-1). ഇപ്രകാരം സമയം ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ പി.എ.സി-യുടെ 1%വും തുടർന്നുള്ള സമയം 2% നിരക്കിലും പിഴ ഈടാക്കാവുന്നതാണ്. ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല.

എ) പ്രോജക്ട് നമ്പർ - 85/17(150/16) ധനകാര്യ കമ്മി.ഗ്രാന്റ്

പ്രോജക്ടിന്റെ പേര് - മാമേച്ച് വീട് റോഡ് കോൺക്രീറ്റ്

അടങ്കൽ - 630000

ചെലവ് - 492944

ബിൽ നം. - 13/16-17 dated 14-10-16

എഗ്രി.നം. - 48/15-16 dated 04-03-16

കരാറുകാരൻ - ശ്രീ.ത്രിദീപ്

എഗ്രിമെന്റ് പ്രകാരം ടി പ്രവൃത്തി 31-03-16 ൽ പൂർത്തിയാക്കേണ്ടിയിരുന്നു. പൂർത്തിയായത് 12-05-16-ൽ ആണ്. നോട്ട് ഫയൽ പ്രകാരം 31-03-16 ന് പൂർത്തിയാക്കാത്തതിന് കാരണം ടിയാനോട് ആവശ്യപ്പെടാൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കാലതാമസത്തിന് ഫൈൻ (492944X1/100 = 4929.44) ഈടാക്കിയിട്ടില്ല.

ബി) പ്രോജക്ട് നമ്പർ - 95/16-17 (174/16)

പ്രോജക്ടിന്റെ പേര് - ഗസ്റ്റ് ഹൗസ് കുഴിത്തടം റോഡ് കോൺക്രീറ്റ്

കരാറുകാരൻ - ശ്രീ.ബി.ഗോവിന്ദരാജസെൻ

എഗ്രി.നം. - 11/AEE/P/16-17/16-07-2016

അടങ്കൽ - 530000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ടെണ്ടർ ബിലോ - 23%

ചെലവ് - 285436

ബിൽ നം - 27/16-17 തീയതി 11-02-2017

അളവ് പുസ്തകം - 31/16-17

16-07-2016-ൽ കരാർ ചമച്ച മേൽ പ്രവൃത്തി 14-10-2016-ൽ പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാതെ 12-01-2017 ൽ ആണ് പൂർത്തിയാക്കിയത്. ടി പ്രവൃത്തിക്ക് സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചതായി കാണുന്നില്ല. കൂടാതെ നിയമാനുസൃത പിഴയും ഈടാക്കിയിട്ടില്ല (1% of 285436 = 2854)

## 3-4 മതിയായ കാരണം കൂടാതെ കാലാവധി ദീർഘിപ്പിച്ച് നൽകി

പ്രോജക്ട് നമ്പർ - SO93/17

പ്രോജക്ടിന്റെ പേര് - ടീച്ചേഴ്സ് കോളനി - കാറ്റാടിക്കുന്ന് റോഡ് കോൺക്രീറ്റ്

അടങ്കൽ - 430000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

അളവ് പുസ്തക നമ്പർ - 105/15-16

ചെലവ് - 406347

ബിൽ നം. - 08/16-17 തീയതി 22-09-2016

മേൽ പ്രവൃത്തി ഡി.പി.സിയുടെ 387/15-16 തീയതി 31-07-15 പ്രകാരം അനുമതി ലഭിച്ചു. സാങ്കേതികാനുമതി നമ്പർ 26/15-16 തീയതി 19-08-15. ടെണ്ടർ നടപടികൾ സ്വീകരിച്ചതിൻ പ്രകാരം ശ്രീ.തൃദീപ്കുമാർ.ജി 0.01% ബിലോ ക്വോട്ട് ചെയ്തു. ടിയാന് കരാർ ഉറപ്പിച്ച് നൽകി. എഗ്രിമെന്റ് നമ്പർ 13/AEE/PLAN/15-16). എന്നാൽ പ്രസ്തുത പ്രവർത്തിക്ക് സപ്ലിമെന്ററി എഗ്രിമെന്റ് 13(1)/AEE/PLAN/15-16 തീയതി 06-05-16 പ്രകാരം ചമച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ കാലാവധി നീട്ടുന്നതിന് കരാറുകാരൻ കത്ത് നൽകി എങ്കിലും കാരണം ബോധിപ്പിച്ചിട്ടില്ല. വ്യക്തമായ കാരണം ബോധിപ്പിക്കാതെ കരാർ നീട്ടിക്കൊടുത്ത നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി ന്യായീകരിക്കത്തക്കതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17-ന് ഭാവിയിൽ സമയം ദീർഘിപ്പിച്ച് നൽകുമ്പോൾ കാര്യകാരണങ്ങൾ കൃത്യമായി ഫയലിൽ രേഖപ്പെടുത്തുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകി.

## 3-5 മരാമത്ത് പ്രവൃത്തി യഥാസമയം ആരംഭിക്കാതിരുന്ന കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല

പ്രോജക്ട് നമ്പർ - 54/16-17

പ്രോജക്ടിന്റെ പേര് - പണയിൽ കുളത്തിന്റെ റോഡ് വശത്ത് ഓട നിർമ്മാണം

അടങ്കൽ - 385000

ചെലവ് - 359966

ബിൽ നം. - 84/16-17 dated 29-03-17

എഗ്രിമെന്റ് നമ്പർ - 25/AEE/P/15-16 തീയതി 04-02-2016

മേൽ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിലുള്ള കരാറുകാരനായ ശ്രീ.സർജൻ.ബി, സഗരി, വടശ്ശേരികോണം, വർക്കല എന്നയാൾക്ക് അംഗീകരിച്ചു നൽകുകയും 15-03-2016 ന് മുൻപ് പൂർത്തിയാക്കണമെന്നും നിർദ്ദേശിക്കുയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ പി.ഡബ്ല്യ.ഡി 01/11090/15 dated 29-04-16 പ്രകാരം കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാത്തതിന് നോട്ടീസ് നൽകി. ആയതിന് ടിയാളുടെ മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി നെക്സ്റ്റ് ലോവസ്റ്റ് ടെണ്ടർ സമർപ്പിച്ച വ്യക്തിക്ക് ആദ്യകരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ മേൽപ്രവൃത്തി

ഏൽപ്പിക്കാൻ നഗരസഭയുടെ 21-01-2017-ലെ 7-ാം നമ്പർ തീരുമാനമെടുത്തു. ഇത് പ്രകാരം ശ്രീ.സജീവ് എന്നയാൾക്ക് പ്രവൃത്തി അനുവദിച്ച് നൽകി. കേരള പൊതു മരാമത്ത് മാന്വൽ ഖണ്ഡിക 2116.2, 2116.2.1 അനുസരിച്ച് ആദ്യ കരാറുകാരന്റെ ലൈസൻസ് റദ്ദുചെയ്യാനും ടിയാനെ അഞ്ചുവർഷം കരാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും വിലക്കുവാനും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരാർ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കുവാനും നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17-ന് മുനസിപ്പൽ എഞ്ചിനീയർ നൽകിയ മറുപടിയിൽ ടിയാൻ ഒടുക്കിയ ഇ.എം.ഡി നാളിതുവരെ മടക്കി നൽകിയിട്ടില്ലെന്നും മറ്റൊരു പ്രവൃത്തിയിലും ഉൾപ്പെടുത്തിയില്ലായെന്നും അറിയിച്ചു. പ്രസ്തുത വിശദീകരണം തൃപ്തികരമല്ല. പൊതുമരാമത്ത് ചട്ടം അനുശാസിക്കുന്ന നിയമനടപടികൾ എല്ലാം തന്നെ പ്രസ്തുത കരാറുകാരനെതിരെ സ്വീകരിച്ചതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇപ്രകാരമുള്ള അപാകങ്ങൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവൃത്തികൾ- മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

സ.ഉ(എം.എസ്) നം.225/2012/തസ്വഭവ തീയതി 18.08.2012, ഖ.09-യിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുൻപായി കൈമായിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ച് പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതെന്നും അനിവാര്യമായി ചെയ്യേണ്ടതായ പ്രവൃത്തികൾ മെയിന്റനൻസ് പ്ലാനിൽ ഉൾപ്പെടുത്തി യിട്ടുണ്ടെന്ന് യോഗം ഉറപ്പ് വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ മെയിന്റനൻസ് പ്രോജക്ടുകൾ പരിശോധിച്ചതിൽ പ്രസ്തുത മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല. ഗവ.മോഡൽ എച്ച്.എസ്.എസ് സ്കൂളിലെ പി.റ്റി.എ നഗരസഭ പൂന്തോട്ടം നിർമ്മാണം, ക്ലാസ് റൂം ടൈൽ പാകലിനുമായി 8 ലക്ഷം രൂപ 2015-16-ൽ ചെലവഴിച്ചുവെങ്കിലും ഇവയേക്കാൾ അടിയന്തിരപ്രാധാന്യം ചുറ്റുമതിൽ നിർമ്മാണത്തിനായിരുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ട് 08-01-2016 ൽ കത്ത് നൽകി. ഇതിൽ നിന്നും മേൽ നിർദ്ദേശങ്ങൾ പ്രോജക്ട് രൂപീകരണ വേളയിൽ പാലിച്ചിട്ടില്ല എന്ന് വ്യക്തമാണ്. 4.07.2007-ലെ സ.ഉ (സാധാ) 128/2007/തസ്വഭവ - യിലെ ഖണ്ഡിക 5.12 പ്രകാരം, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന റോഡുകളുടെയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തേണ്ടത് ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ്. പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ സമിതി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണാധികാരിക്കും സെക്രട്ടറിക്കും ചെയർപേഴ്സണും നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പൊതുമരാമത്ത്

പ്രവൃത്തികളുടെ നിർവ്വഹണത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- കരാർ ചമച്ചില്ല

പ്രോജക്ട് നമ്പർ - 45/16-17

പ്രോജക്ടിന്റെ പേര് - പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അടങ്കൽ - 250000

ചെലവ് - 250000

ബിൽ നം. - 13/16-17 തീയതി 18-02-2017

15/16-17 തീയതി 18-02-2017

25 ലാപ്ടോപ്പുകൾ പട്ടികജാതി വിദ്യാർത്ഥികൾക്കായി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ലാപ്ടോപ്പുകൾ നൽകിയ കെൽട്രോണുമായി കരാർ ചമയ്ക്കാതെയാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ മൂലമാണ് ഇപ്രകാരം കരാർ ചമയ്ക്കാതിരുന്നതെന്ന് പട്ടികജാതി വികസന ഓഫീസർ മറുപടി നൽകി. വരും വർഷങ്ങളിൽ ഈ അപാകം സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 03/16-17

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ

അടങ്കൽ - 3,00,000

ചെലവ് - 3,00,000

ബിൽ നമ്പർ - 01/16-17 തീയതി 15-11-2016

ഹോംകോയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് മുൻപ് ജില്ലാ ഹോമിയോ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. 3,00,000/- രൂപയുടെ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനാണ് ഹോംകോയ്ക്ക് തുക കൈമാറിയിരിക്കുന്നത്. എന്നാൽ ഓഡിറ്റ് തീയതി വരെയും (22-08-17 ) വരെയും

153980 രൂപയുടെ മരുന്നുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.10) നൽകിയ മറുപടിയിൽ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കാൻ ഹോകോയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ - സിഡ്കോയുമായി കരാർ ചമച്ചില്ല

പ്രോജക്ട് നമ്പർ - 137/16-17

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - 58800

ചെലവ് - 58800

ബിൽ നം. - 02/16-17 തീയതി 31-01-2017

സിഡ്കോയുമായി പ്രാഥമിക കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.10)നൽകിയ മറുപടി തൃപ്തികരമല്ല. സാധനം സപ്ലൈ ചെയ്യുന്ന സ്ഥാപനവുമായി കരാർ ചമച്ച ശേഷം മാത്രം തുക കൈമാറാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഹോമിയോ ആശുപത്രിക്ക് ടെലിഫോൺ ചാർജ് - തുക മുൻകൂറായി പിൻവലിച്ചു

പ്രോജക്ട് നമ്പർ - 138/16-17

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് ടെലിഫോൺ ചാർജ്

അടങ്കൽ - 10000

ചെലവ് - 10000

ബിൽ നം. - 03/16-17 തീയതി 28-02-17

തുക ചെലവഴിച്ചതിന്റെ രേഖകൾ (ടെലിഫോൺ ബിൽ) ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (നം.10) തുക പിൻവലിച്ച ശേഷം ടെലഫോൺ ബില്ലുകൾ ഒന്നും തന്നെ വന്നിട്ടില്ലായെന്നും തുക നിലവിൽ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്നും മറുപടി നൽകി. ഭാവിയിൽ ചെലവ് വരും എന്ന നിലയ്ക്ക് പദ്ധതി പണം മുൻകൂറായി പിൻവലിച്ച് ഇപ്രകാരം സൂക്ഷിക്കുന്നത് ഫണ്ട് വിനിയോഗ

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് ജി.ഒ.(പി)177/2006/Fin നം. ഉത്തരവിലെ നിർദ്ദശത്തിന് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 3-11 ഭവന പുനരുദ്ധാരണം-എല്ലാ ഗുണഭോക്താക്കളും പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ - S0113/17

പ്രോജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം

അടങ്കൽ തുക - 4950000

ചെലവ് തുക - 1425000

ബിൽ നം. - 02/21-10-16 390000

05/13-12-16 405000

06/29-12-16 82500

13/07-03-17 52500

09/24-02-17 135000

14/13-03-17 7500

17/13-03-17 120000

21/31-03-17 90000

23/31-03-17 142500

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ (നഗര ദാരിദ്ര ലഘൂകരണ വിഭാഗം)

ഭവന നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 15000/- രൂപ നിരക്കിൽ നൽകാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രോജക്റ്റ് പ്രകാരം 128 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. അതിൽ 70 പേർ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം:24) മറുപടിയിൽ ഒന്നാം ഗഡു കൈപ്പറ്റിയ 70 പേരിൽ 16പേർ 2017-18ൽ പണിപൂർത്തീകരിച്ചതായും 54 ഗുണഭോക്താക്കളെക്കൊണ്ട് അടിയന്തിരമായി പണിപൂർത്തീകരിപ്പിച്ച് തുക കൈമാറുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെയും പണിപൂർത്തീകരിച്ചിട്ടില്ലാത്ത 54 ഗുണഭോക്താക്കളെയും കൊണ്ട് പ്രവൃത്തിപൂർത്തീകരിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 എച്ച്.എം.നിർവ്വഹണം നടത്തിയ പ്രോജക്റ്റ് വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. : SOO4/17

പേര് : സ്കൂളുകളുടെ കറണ്ട് ചാർജ്ജ്

അടങ്കൽ തുക : 250000/-

ചെലവ് തുക : 155811/-

ബിൽ നം/തീയതി : 03/12.02.17

13/31.03.17

(മെയിന്റനൻസ് നോൺ റോഡ്)

നഗരസഭ പ്രദേശത്തെ വിവിധ സ്കൂളുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചത്. ബിൽ പ്രകാരം പിൻവലിച്ച തുകയിൽ 9096/-രൂപ എൽ.പി.എസ്.പണയിലിന് കറണ്ട് ചാർജ്ജ് ഒടുക്കുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ കറണ്ട്ചാർജ്ജ് ഒടുക്കിയ ബില്ല്/ രസീത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.രേഖകൾ പ്രകാരം 830/-രൂപ വെള്ളക്കരം ഒടുക്കിയിട്ടുണ്ട്. ആയതിന്റെ ബില്ലും ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:24) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 9926/-തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും കറണ്ട് ചാർജ്ജ് ഒടുക്കുന്നതിന് രൂപീകരിച്ച പ്രോജക്റ്റ് പ്രകാരം വെള്ളക്കരം ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-13 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു

(എ). പ്രോജക്റ്റ് നം. : SOOO8/17

പേര് : ക്വാളിറ്റി ഇംപ്രൂവ്മെന്റ്(9-ാം ക്ലാസ്സ്)

അടങ്കൽ തുക : 100000/- (വി.ഫ.ജനറൽ)

ചെലവ് തുക : 100000/-

ബിൽ നം./തീയതി : 7/23.02.17

നിർവ്വഹണം : ഹെഡ്മാസ്റ്റർ-ഗവ.എൽ.പി.ബി.എസ് കുരയ്ക്കണ്ണി

(ബി) പ്രോജക്റ്റ് നം. : SOOO7/17

പേര് : ക്വാളിറ്റി ഇംപ്രൂവ്മെന്റ്(10-ാം ക്ലാസ്സ്)

അടങ്കൽ തുക : 160000/- (വി.ഫ.ജനറൽ)

ചെലവ് തുക : 160000/-

ബിൽ നം./തീയതി : 8/23.02.17

നിർവ്വഹണം : ഹെഡ്മാസ്റ്റർ-ഗവ.എൽ.പി.ബി.എസ് കുരയ്ക്കണ്ണി

കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനുമാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. അധിക സമയം കണ്ടെത്തി കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ട സാങ്കേതിക പരിജ്ഞാനം നൽകുക, ഗുണമേന്മ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പഠന രീതികൾ അവലംബിച്ചു കൊണ്ട് 100% വിജയം കൈവരിക്കുക എന്നിവയാണ് പ്രോജക്റ്റുകളുടെ ലക്ഷ്യം.

പ്രസ്തുത പ്രോജക്റ്റുകൾ പ്രകാരം പിൻവലിച്ച തുക ഭക്ഷണ വിതരണത്തിനും പഠന ചെലവിനുമായാണ് വിനിയോഗിച്ചിട്ടുള്ളത്. ലഘുഭക്ഷണ വിതരണത്തിനായാണ് കൂടുതൽ തുകയും ചെലവഴിച്ചത്. ഇതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചിട്ടുമില്ല. വിശദാംശം ചുവടെ.

| ക്രമനം | സ്കൂളിന്റെ പേര് | ക്ലാസ് | പിൻവലിച്ച തുക | ഭക്ഷണ വിതരണത്തിനായി ചെലവഴിച്ചത് | പഠനോപകരണങ്ങൾ വാങ്ങുന്നതിനും ഹോണറേറിയം നൽകുന്നതിനും ചെലവഴിച്ചത് |
|---|---|---|---|---|---|
| 1 | ഗവ.എച്ച്.എസ്.എസ് നടയറ | 9 | 70000 | 30800 | 39200 |
| | | 10 | 110000 | 68371 | 41629 |
| 2 | ഗവ.മുസ്ലിം എച്ച്.എസ് നടയറ | 9 | 30000 | 23042 | 6958 |
| | | 10 | 50000 | 30882 | 19118 |

ജി.ഒ(എം.എസ്)04/16/lsgd തീയതി.01-01-16 (വിദ്യാഭ്യാസം ഖണ്ഡിക 4) പ്രകാരം ഓണറേറിയമോ വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവതീയുവാക്കൾ എന്നിവരെ സംഘടിപ്പിച്ച് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാവുന്നതാണ്. ഖണ്ഡിക 11-10 (7) പ്രകാരം അങ്കണവാടി പോഷകാഹാരം/ദുർബല

വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോഷകാഹാര/ഭക്ഷണ വിതരണം എന്നിവ ഒഴികെ മറ്റ് പോഷകാഹാര/ഭക്ഷണവിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്നതല്ല.

മാർഗരേഖയ്ക്ക് വിരുദ്ധമായിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടില്ല. പി.റ്റി.എ യുടെ സഹകരണത്തോടെ പ്രാദേശിക വിഭവ സമാഹരണത്തിലൂടെയും സ്പോൺസർഷിപ്പിലൂടെയും തുക കണ്ടെത്തി അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ സഹായത്തോടെ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

## 3-14 തൊഴിൽ പരിശീലനത്തിനും സെമിനാർ നടത്തുന്നതിനും വികസന ഫണ്ട് ചെലവഴിച്ചു.

പ്രോജക്ട് നം. : SOO12/17

പേര് : സാക്ഷരതാ മിഷൻ തുല്യതാ പഠനവും തൊഴിൽ പരിശീലനവും

അടങ്കൽ തുക : 150000/- (വി.ഫ.ജനറൽ)

ചെലവ് തുക : 127000/-

ബിൽ നം./തീയതി : 22/31.03.17

നിർവ്വഹണം : ഹെഡ് മാസ്റ്റർ - ഗവ.എൽ.പി.ബി.എസ്, കുരയ്ക്കണ്ണി

സമ്പൂർണ്ണ ഏഴാംതരം, പത്താംതരം, ഹയർ സെക്കണ്ടറി എന്നീ പഠനങ്ങൾ നടത്തുകവഴി ആളുകളുടെ ആത്മവിശ്വാസവും കഴിവും വളർത്തുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക, തൊഴിൽ പരിശീലനം നടത്തുക, ചർച്ചകൾ, ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവയിൽ പങ്കെടുക്കുകയും സ്വന്തമായി വ്യക്തിത്വ വികാസം നേടാനും കഴിയുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് പ്രകാരം പിൻവലിച്ച തുകയിൽ 724801/- രൂപ തുല്യതാ പഠനത്തിനായും 24,000/-രൂപ തയ്യൽ പരിശീലനത്തിനും (ഇൻസ്ട്രക്ടറുടെ ഓണറേറിയം) 24,000/- രൂപ എംബ്രോയിഡറി പരിശീലനത്തിനായും 6520/-രൂപ ശിൽപ്പശാല, സെമിനാർ, ബോധവൽക്കരണ ക്ലാസ്സുകൾ, ഓഫീസ് നിർവ്വഹണം എന്നിവയ്ക്കുമായിട്ടാണ് വിനിയോഗിച്ചത്. ജി.ഒ.(എം.എസ്)04/16/തസ്വഭവ തീയതി.11-01-16 ഖണ്ഡിക 7.7 പ്രകാരം ഉത്പ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പെയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. ഖണ്ഡിക 7.10 പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും പരിശീലന പരിപാടികൾ ഏറ്റെടുക്കാൻ പാടുള്ളൂ. വരും വർഷങ്ങളിൽ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 3-15 ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

എ) പ്രോജക്ട് നമ്പർ : S0024/17

പ്രോജക്ടിന്റെ പേര് : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ വൈദ്യുതി ചാർജ് ഒടുക്കൽ

അടങ്കൽ : 600000

ചെലവ് : 484712

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ബിൽ നം. : CB 02/17-10-16 311587

CB 06/26-11-16 110542

CB 11/04-03-17 62583

നിർവ്വഹണം : സൂപ്രണ്ട്-താലൂക്ക് ആശുപത്രി.

താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ് ഒടുക്കുവരുത്തുന്നതിനായാണ് പ്രസ്തുത പ്രോജക്ട് രൂപീകരിച്ചത്. മൂന്നാമത്തെ ബിൽ പ്രകാരം പിൻവലിച്ച 62583/-രൂപയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 62583/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 355000/-രൂപ ചെലഴിച്ച് വാങ്ങിയ ജനറേറ്റർ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്തില്ല - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : S0030/17

പ്രോജക്ടിന്റെ പേര് : താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ലേബർ റൂമിൽ ജനറേറ്റർ വാങ്ങൽ

അടങ്കൽ : 500000

ചെലവ് : 355000

ബിൽ നം. : CB No 17/27-03-17

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (നോൺ.റോഡ്)

നിർവ്വഹണം : സൂപ്രണ്ട്- താലൂക്ക് ആശുപത്രി

355000/- രൂപ ചെലവഴിച്ച് സുബ്രഹ്മണ്യ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങിയിട്ടുണ്ട്. ജനറേറ്റർ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, ജനറേറ്ററിന്റെ ലോഗ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:28) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 355000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ലോഗ് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതും ജനറേറ്റർ ഇൻസ്റ്റാൾ ചെയ്ത് വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതുമാണ്.

## 3-17 അങ്കണവാടികൾ- പ്രവർത്തനാവലോകനം

മുനിസിപ്പാലിറ്റിയുടെ കീഴിൽ 41 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമുള്ളത് 13 അങ്കണവാടികൾക്ക് മാത്രമാണ്. 28 അങ്കണവാടികളും പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ കുടിവെള്ള ലഭ്യതയുള്ളത് കേവലം മൂന്ന് അങ്കണവാടികൾക്ക് മാത്രമാണ്. ആകെ 11 അങ്കണവാടികൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. ആറ് അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. മുനിസിപ്പാലിറ്റിയുടെ കീഴിൽ ബഡ്സ് സ്കൂളുകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

## 3-18 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

വർക്കല നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 76 പ്രോജക്ടുകൾ അംഗീകരിച്ചു. തൻവർഷം 42 പ്രോജക്ടുകൾ നടപ്പിലാക്കി. കർഷകരുടെ ഭൂമിയിൽ പ്രോജക്ടുകളൊന്നും നടപ്പിലാക്കിയില്ല. 3 പൊതു കുളങ്ങൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തു. 33 വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയിലുണ്ട്. 26 ആസ്തികൾ 2016-17 സാമ്പത്തിക വർഷം സൃഷ്ടിച്ചിട്ടുണ്ട്. 2016-17 ലെ സോഷ്യൽ ഓഡിറ്റ് വാർഡ് സഭ അംഗീകരിച്ച ഓഡിറ്റ് ടീം തന്നെ തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-17 വർഷം 86 പേർക്ക് തൊഴിൽ കാർഡ് അനുവദിച്ച് നൽകിയിട്ടുണ്ട്.

## 3-19 തെരുവ് വിളക്കുകൾ മീറ്ററിംഗ് സ്ഥാപിക്കൽ- നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നതായി സെക്രട്ടറി അറിയിച്ചു. കെടാകുളം കെ.എസ്.ഇ.ബി സെക്ഷന്റെ പരിധിയിൽ വരുന്ന സ്ട്രീറ്റ്

ലൈറ്റുകളുടെ മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ഒടുക്കിയിട്ടുണ്ടെന്നും പാലച്ചിറ സെക്ഷന്റെ പരിധിയിൽ വരുന്ന 9 ട്രാൻസ്ഫോർമറുകളിൽ മീറ്ററിംഗ് സമ്പ്രദായം ഏർപ്പാടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്രട്ടറി അറിയിച്ചു.

## 3-20 വെള്ളക്കരം കുടിശ്ശിക- തീർപ്പാക്കണം

നഗരസഭയുടെ പൊതുടാപ്പുകളുടെ വെള്ളക്കരം ഡിമാന്റ് നോട്ടീസ് പ്രകാരം (ബിൽ നം 15367/17-02-17 എക്സി.എഞ്ചിനീയർ ആറ്റിങ്ങൽ) 29634315 രൂപയാണ് (മുൻബാക്കി 31-03-17 വരെ 28770274, ഫൈൻ 564449, തൻമാസ ഡിമാന്റ് 299592). ഡിമാന്റ് നോട്ടീസ് പ്രകാരം 456 ടാപ്പുകൾ (പ്രതിവർഷം 7884രൂപ/ടാപ്പ്) ക്കാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ 256 ടാപ്പുകൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18-ന് സർക്കാർ നിർദ്ദേശ പ്രകാരം (ജി.ഒ.ആർ.ടി.2242/2011/തസ്വഭവ തീയതി 28-09-2011 പ്രകാരം) വാട്ടർ അതോറിറ്റിയുമായി ചേർന്ന് നഗരസഭ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയെന്നും അവയിൽ 438 പൊതുടാപ്പുകളിൽ 75 എണ്ണം പ്രവർത്തന ക്ഷമമല്ലായെന്നും സംയുക്ത പരിശോധന നടത്തിയ ഉദ്യോഗസ്ഥർ നഗരസഭയെ അറിയിച്ചതായി സെക്രട്ടറി മറുപടി നൽകി. എങ്കിലും വാട്ടർ അതോറിറ്റി പ്രസ്തുത പരിശോധന റിപ്പോർട്ട് നാളിതുവരെയും അംഗീകരിച്ച് നൽകിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം നിലവിൽ 456 ടാപ്പുകൾ തന്നെ നിലനിൽക്കുന്നതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ ഡിമാന്റ് നോട്ടീസ് പ്രകാരം 16-17 ലെ പദ്ധതിയുടെ ഭാഗമായി 3240000/- രൂപ (പ്രോജക്ട് നമ്പർ SO 261/16-17) ഒടുക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10-01-1996 ലെ 44485/ B3/95/lsgd നം സർക്കലർ പ്രകാരം ബിൽ തുക വീഴ്ചയില്ലാതെ ഒടുക്കേണ്ടതും തർക്കങ്ങൾ ചർച്ചയിലൂടെ സമയബന്ധിതമായി പരിഹരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വീഴ്ചയ്ക്ക് പിഴപ്പലിശ അടയ്ക്കേണ്ടിവന്നാൽ ആയത് ചെയർപേഴ്സണിന്റെയോ സെക്രട്ടറിയുടെയോ അഥവാ രണ്ടു പേരുടെയോ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കുമെന്നും പ്രസ്തുത സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്ത് സംയുക്ത പരിശോധനാ റിപ്പോർട്ട് അംഗീകരിപ്പിക്കുവാനും പിഴ ഒഴിവാക്കുവാനും നഗരസഭ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-21 ഇ.പി.എഫ് വിഹിതം ശുചിത്വമിഷൻ അക്കൗണ്ടിൽ നിന്നും റിക്കവറി നടത്തിയത് തിരികെ Recoup ചെയ്തില്ല.

ഗവൺമെന്റ് ഓഫ് ഇൻഡ്യ ഗസറ്റ് നോട്ടിഫിക്കേഷൻ SO 30(E) തീയതി 08-01-2011 പ്രകാരം നഗരസഭകൾ 1952 ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആന്റ്

മിസലേനിയസ് പ്രൊവിഷൻ ആക്ടിനു കീഴിൽ വരുന്നവയാണ്. ഇ.പി.എഫ്.ഒ. എൻഫോഴ്സ്മെന്റ് ഓഫീസർ 30-05-2016 ൽ നഗരസഭയിലെ ഇ.പി.എഫ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 01/2011 മുതൽ 04/2016 വരെ സേവനമനുഷ്ഠിച്ച ജീവനക്കാരിൽ നിന്നും ഇ.പി.എഫ് വിഹിതം ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തുകയും ആയത് പ്രകാരം 30-05-16 ലെ നം.കെ.ആർ.റ്റി.വി.എം/ 26538/EO/KTT/2016 ആയി റിപ്പോർട്ട് നഗരസഭയ്ക്ക് നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ഓഫീസർ 08-08-16-ലും 27-09-16-ലും നഗരസഭാ ഉദ്യോഗസ്ഥരെ നേരിൽ കേൾക്കുകയും ഇ.പി.എഫ്. വിഹിതം അടിയന്തിരമായി ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും, അല്ലാത്ത പക്ഷം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് മിസലേനിയസ് പ്രൊവിഷൻ ആക്ട് സെക്ഷൻ 8B മുതൽ 8 G വരെയുള്ള വകുപ്പുകൾ പ്രകാരം റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുകയും ചെയ്തു.

ഈ നടപടിയുടെ ഭാഗമായി 2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി വരെയുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നഗരസഭ 211965 രൂപ ഇ.പി.എഫ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുകയും ഇ.പി.എഫ്.ഒ-യിൽ ഒടുക്കാതെ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് നമ്പർ 032101000030687-ൽ (ഐ.ഓ.ബി വർക്കല) സൂക്ഷിക്കുകയും ചെയ്തു. പി.എഫ് വിഹിതം സമയബന്ധിതമായി ഒടുക്കുവരുത്താതിരുന്നതിനാൽ ഇ.പി.എഫ്.ഒ. എൻഫോഴ്സ്മെന്റ് കാര്യാലയത്തിൽ നിന്നും 03-03-17 തീയതിയിൽ നഗരസഭ ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ 032101000030682-ൽ സൂക്ഷിച്ചിട്ടുള്ള ശുചിത്വമിഷൻ ഫണ്ട് റിക്കവറി നടത്താൻ (1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻ ആക്ട് സെക്ഷൻ 8 F പ്രകാരം) ബാങ്ക് മാനേജർക്ക് കത്ത് നൽകി (കത്ത് നം.കെ.ആർ/ റ്റി.വി.എം/26538/ENFI(2)/2017 തീയതി 03-03-17). മേൽ വിവരം ബ്രാഞ്ച് മാനേജർ അന്നേ ദിവസം തന്നെ നഗരസഭയെ അറിയിച്ചുവെങ്കിലും 2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി വരെ ജീവനക്കാരുടെശമ്പളത്തിൽ നിന്നും ഇ.പി.എഫ് കുടിശ്ശികയിനത്തിൽ പിരിച്ചെടുത്ത 211965/- രൂപ നഗരസഭ ഇ.പി.എഫ്.ഒ. ഫണ്ടിൽ ഒടുക്കി റിക്കവറി നടപടിയിൽ നിന്നും ഒഴിവാകാൻ ശ്രദ്ധിച്ചില്ല. തുടർന്ന് 24-03-17 ൽ ശുചിത്വ മിഷൻ അക്കൗണ്ടിൽ നിന്നും 1162392/-രൂപ ഇ.പി.എഫ്.ഒ. റിക്കവറി നടത്തി. ടി തുക നാളിതുവരെ തനത് ഫണ്ടിൽ നിന്നും ശുചിത്വ മിഷൻ അക്കൗണ്ടിലേക്ക് RECOUP ചെയ്തിട്ടില്ല. ആയത് അടിയന്തിരമായി തിരികെ RECOUP ചെയ്യാനും ഭാവിയിൽ ജീവനക്കാരുടെ പി.എഫ് വിഹിതം സമയബന്ധിതായി ഇ.പി.എഫ് ഒ-യിൽ ഒടുക്കുവരുത്താനും സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 3-22 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം വിവിധ ആവശ്യങ്ങൾക്കായി നൽകിയ ചുവടെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ഇനം | സ്വീകരിച്ച വ്യക്തി | വൗച്ചർ നം. | ഡി.ഡി നം. തീയതി | തുക |
|---|---|---|---|---|---|
| 1 | ഏഷ്യൻ മിനിസ്റ്റീരിയൽ കോൺഫറൻസ് | ശ്രീമതി.ബിന്ദു ഹരിദാസ് (ചെയർപേഴ്സൺ) | 214/ 10-16 | 406606 31-10-16 | 30,000 |
| 2 | മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനങ്ങൾക്ക് | ശ്രീ.രാജേഷ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 254 11-16 | 522502 19-11-16 | 24000 |
| 3 | നഗരസഭ കെട്ടിടം ബലപ്പെടുത്തൽ | ശ്രീമതി.കവിത പി.ഡബ്ല്യൂ.ഓവർസീയർ II | 303 12-16 | 522514 07-12-16 | 5000 |
| 4 | ഹരിത കേരളം ഉദ്ഘാടനം | ശ്രീ.സുജിത് ജെ.എച്ച്.ഐ | 304 12-16 | 522514 07-12-16 | 15000 |
| 5 | ശിവഗിരി തീർത്ഥാടന ശുചീകരണ പ്രവർത്തനം | ശ്രീ.സുജിത്. ജെ.എച്ച്.ഐ | 346 12-16 | 522536 19-12-16 | 50000 |

ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ വിവിധ വർഷങ്ങളിലായി നാളിതുവരെ 10696794/-രൂപ ക്രമീകരിക്കുവാനുണ്ട്. ക്രമീകരിക്കുവാനുള്ള അഡ്വാൻസിന്റെ സംക്ഷിപ്ത രൂപം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ജി.ഒ.(പി)419/2011/Fin നം. ഉത്തരവ് തീയതി 04-10-11 (കെ.എഫ്.സി അനുച്ഛേദം 99) പ്രകാരം അഡ്വാൻസ് കൈപ്പറ്റി മൂന്ന് മാസത്തിനകം ബില്ലുകൾ സമർപ്പിച്ച് തുക ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 18% പലിശ നിരക്കിൽ തുക ഈടാക്കേണ്ടതാണ്. മുൻകുറുകൾ ക്രമീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 ലൈബ്രറി സെസ് കുടിശ്ശിക ഒടുക്കാൻ ബാക്കി

നിൽക്കുന്നു.

നഗരസഭ 2017 മാർച്ച് 31 വരെ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 1828427/- രൂപ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക | ലൈബ്രറി കൗൺസിലിന് അടയ്ക്കേണ്ട തുക |
|---|---|---|---|
| 2014-15 | 10505012 | 525251 | 525251 |
| 2015-16 | 12481640 | 624082 | 624082 |
| 2016-17 | 13581895 | 679094 | 679094 |
| ആകെ | 36568547 | 1828427 | 1828427 |

സർക്കുലർ നം.10088/L3/05/lsgd തീയതി 20-09-2005 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30-ന് അകവും രണ്ടാമത്തെ ഗഡു നവംബർ 30-ന് അകവും അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണ്. ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത 1828427/- രൂപ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഒടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 വാഹനങ്ങളുടെ പരിപാലനം, അപാകങ്ങൾ.

ജി.ഓ (എം.എസ്) 170/07/lsgd തീയതി 30-06-2007 പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വാഹന ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള എഞ്ചിനീയറെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നഗരസഭയുടെ KL 16J 2727, KL 16F 7883, KL 16K 9962 എന്നീ രജിസ്ട്രേഷൻ നമ്പരുകൾ പ്രകാരമുള്ള

വാഹനങ്ങളുടെ ഇന്ധക്ഷമതാ പരിശോധന ഇപ്രകാരം നടത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ 819/2000/Fin തീയതി 18-04-2000 പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടത് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതക്കിയത് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് ലിമിറ്റഡ് വഴിയാണ്. വരും വർഷങ്ങളിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴിമാത്രം ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.

## 3-25 പ്രോജക്ട് നിർവ്വഹണം- അംഗീകാരം നേടിയതിൽ നിന്നും വ്യതിചലിക്കുന്നു

പ്രോജക്ട് നം : S0140/17

പ്രോജക്ടിന്റെ പേര് : നഗരസഭാ ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം

അടങ്കൽ തുക : 1431267 (റിവൈസ്ഡ്)

നഗരസഭാ ഓഫീസ് കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി 20 ലക്ഷം രൂപയുടെ അടങ്കൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടി. സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് തീരുമാനം. പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന സാധന സാമഗ്രികൾ വാങ്ങുന്നതിനാണ് തുക വകയിരുത്തിയത്.

| ക്രമ നം. | ഐറ്റം | എണ്ണം | യൂണിറ്റ് നിരക്ക് | ആകെ ചെലവ് |
|---|---|---|---|---|
| 1 | Photostat machine | 2 | 2 x 57,000 | 1,14,000 |
| 2 | Computer | 20 | 20 x 60,000 | 12,00,000 |
| 3 | PRINTER | 2 | 2 x 6,000 | 12,000 |

| | | | | |
|---|---|---|---|---|
| 4 | Scanner | 1 | 1 x 50,000 | 50,000 |
| 5 | UPS | 1 | 1 x 3,00,000 | 3,00,000 |
| 6 | Server | 1 | 1 x 3,00,000 | 3,00,000 |
| 7 | Printer | 2 | 2 x 12,000 | 24,000 |
| Total | | | | 20,00,000 |

സെക്രട്ടറിയുടെ 31-08-16 ലെ A2-11546/16 നം കത്ത് പ്രകാരം കെൽട്രോണിൽ നിന്നും മേൽ സാധനസാമഗ്രികളുടെ പ്രൊഫോർമ ഇൻവോയിസ് ആവശ്യപ്പെട്ടു. പ്രസ്തുത പ്രോഫോർമ ഇൻവോയിസിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | കെൽട്രോണിൽ നിന്നും ഇൻവോയിസ് പ്രകാരം ആവശ്യപ്പെട്ടത് | പ്രോജക്ട് പ്രകാരം യഥാർത്ഥത്തിലുള്ള തുക |
|---|---|---|---|
| 1 | Server | 1 x 3,00,000 = 3,00,000 | 3,00,000 |
| 2 | Client computer | 20 x 60,000 = 12,00,000 | 12,00,000 |
| 3 | Printer | 2 x 24,000 = 48,000 | 24,000 |
| 4 | Printer network | 2x 24,000 = 48,000 | തുക വകയിരുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| 5 | High Speed Scanner | 1 x 50,000 = 50,000 | 50,000 |
| 6 | Dotmatrix Printer | 2x 12,000 = 24,000 | 24,000 |
| 7 | UPS | 1x 3,00,000 = 3,00,000 | 3,00,000 |
| 8 | Scanner | 2x50,000 = 1,00,000 | തുക വകയിരുത്തിയിട്ടില്ല |
| 9 | Photostat machine | 2x8,00,000 = 16,00,000 | 2x57,000= 1,14,000 |
| TOTAL | | 36,70,000 | 20,00,000 |

പ്രോജക്ടിൽ തുക വകയിരുത്തിയതിന് വിരുദ്ധമായാണ് കെൽട്രോണിൽ നിന്നും ഇൻവോയിസ് ആവശ്യപ്പെട്ടിരിക്കുന്നത്. കെൽട്രോണിൽ നിന്നും 07-09-16-ൽ മേൽ ആവശ്യപ്പെട്ട സാമഗ്രികളുടെയെല്ലാം പ്രൊഫോർമ ഇൻവോയിസ് ലഭിക്കുകയും പ്രസ്തുത ഇൻവോയിസിൽ നിന്നും അഞ്ച് കമ്പ്യൂട്ടർ, രണ്ട് പ്രിന്റർ എന്നിവ വാങ്ങുകയും ചെയ്തിട്ടുണ്ട് (ബിൽ നം.19/16-17 DATED 28-12-16). എന്നാൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ എന്നിവ കെൽട്രോൺ അയച്ചുതന്ന പ്രോഫോർമ ഇൻവോയിസിൽ ലഭ്യമല്ല എന്ന് നോട്ട് ഫയലിൽ തെറ്റായി രേഖപ്പെടുത്തി ഡി.ജി.എസ്.ആന്റ് ഡി നിരക്ക് പ്രകാരമുള്ള കമ്പനിയിൽ നിന്നും വാങ്ങാൻ തീരുമാനിക്കുകയും ശേഷം പ്രോജക്ട് റിവൈസ് ചെയ്യുകയും ചെയ്തു. റാം ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നും 2 ഫോട്ടോസ്റ്റാറ്റ് മെഷീനും 2 പ്രിന്ററും വാങ്ങി (ബിൽ നമ്പർ 15/2016-17 തീയതി 26-11-2016, Photostat mechine 2x57,000 = 1,14,000 + printer 2 x 4984 = 9968, ആകെ 1,23,968). കെൽട്രോൺ നൽകിയ പ്രോഫോർമ ഇൻവോയിസിൽ പ്രസ്തുത സാധനങ്ങൾ ഉൾപ്പെട്ടിരുന്നിട്ടും പ്രോജക്ട് റിവൈസ് ചെയ്ത് സാധനസാമഗ്രികൾ വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്. റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങാൻ പ്രോജക്ട് റിവൈസ് ചെയ്ത ശേഷം ടെണ്ടർ ക്ഷണിക്കുകയും

ഹാലികോൺ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിരിക്കുന്നു. പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നതിന് വിരുദ്ധമായി ടെണ്ടർ നടപടികളിലൂടെ സാമഗ്രികൾ വാങ്ങാനുള്ള തീരുമാനം നടപടിക്രമങ്ങളിലെ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ ശരിയായും വിധം പാലിക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 സാക്ഷരതാ പ്രേരകിന് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് നാളിതുവരെയും തിരികെ ഈടാക്കിയിട്ടില്ല.

സാക്ഷരതാ പ്രേരക് മാർക്കുള്ള ഓണറേറിയം, സ്പെഷ്യൽ അലവൻസ്, ഓണം/ ഉത്സവബത്ത എന്നിവയ്ക്കായി മുനിസിപ്പൽ ഫണ്ടിൽ നിന്നും 126500 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം/ തീയതി | തുക |
|---|---|---|
| 1 | 059605/30-03-16 | 27600 |
| 2 | 059674/04-05-16 | 9200 |
| 3 | 520764/11-07-16 | 27600 |
| 4 | 521871/07-09-16 | 18400 |
| 5 | 521848/27-09-16 | 4200 |
| 6 | 522482/15-10-16 | 9200 |
| 7 | 522509/02-12-16 | 9200 |
| 8 | 522534/17-12-16 | 2700 |
| 9 | 522534/17-12-16 | 18400 |
| ആകെ | | 126500 |

പ്രസ്തുത തുക സാക്ഷരതാമിഷനിൽ നിന്നും തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | മുനിസിപ്പൽ ഓഫീസ് വൈദ്യുതീകരണം | ലഭ്യമാക്കിയില്ല | 1929375 | 1929375 | 0 |
| സാമൂഹ്യ സുരക്ഷാ മിഷൻ | വയോമിത്രം പദ്ധതി | DD no.251246 | 1310000 | 1310000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരം ഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരി ച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| EMS ലോൺ | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല | 4627562 | 400000 | - | - |
| KURDFC | KURDFC/ULB /129/10 dated 18-08-10 | ലഭ്യമാക്കിയിട്ടില്ല | | 1410515 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 163843114 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 151908985 |
| വരവിനങ്ങളിലുള്ള നഷ്ടം | 900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105472.44 |

| | |
|---|---|
| | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 427509 |

*(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (സി) | 900 | | ശ്രീ.സുബോധ്.എസ് (സെക്രട്ടറി) |
| 3-2 | - | 97689.00 | ശ്രീ.എസ്.സുരേഷ് കുമാർ (മുനി.എഞ്ചിനീയർ) |
| 3-3 (എ) | - | 4929.44 | |
| 3-3 (ബി) | - | 2854.00 | |
| ആകെ | 900 | 105472.44 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 9926 | ശ്രീ.എസ്.ഷൈൻ- ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 3-15 | 62583 | ഡോ.അജിത്കുമാർ.എസ്.എൽ<br>സൂപ്രണ്ട്, താലൂക്കാശുപത്രി |
| 3-16 | 355000 | |
| ആകെ | 427509 | |

*(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>*

ഇല്ല

*(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>*

ഇല്ല

*(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുബോധ്.എസ്<br>സെക്രട്ടറി | സെക്രട്ടറി,<br>വർക്കല മുനിസിപ്പാലിറ്റി | പുത്തൻവിള വീട്, പേരേയം, ഉമയനല്ലൂർ.പി.ഒ, കൊല്ലം |
| ശ്രീ.എസ്.സുരേഷ് കുമാർ | മുനിസിപ്പൽ എഞ്ചിനീയർ<br>വർക്കല മുനിസിപ്പാലിറ്റി | അമ്പിളി ഭവൻ, അത്താഴമംഗലം, നെയ്യാറ്റിൻകര (പി.ഒ) |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4/562/2001 തീയതി.17.12.2001 | 26 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.4/556/2000തീയതി. 31.01.2001 | 13 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/തീയതി.27.09.2007 | 50 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.4/858/2000 തീയതി. 31.01.2001 | 12 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/87/07,തീയതി.26.09.2007 | 8 | |
| 1995-96 | എൽ.എഫ്.റ്റി.ഡി.4/4562/2005, തീയതി.17.12-2001 | 15 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/1634/06 തീയതി.19.04.2007 | 41 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/327/08, തീയതി.20.06.2008 | 45 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/564/08 തീയതി.19.01.2009 | 35 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/565/08തീയതി. 19.01.2009 | 25 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/1347/07തീയതി. 09-02-2010 | 20 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1375/07 തീയതി.17.03.2010 | 30 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/673/11 | 23 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/674/11 തീയതി.26.12.2011 | 43 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/1698/12 തീയതി.18.03.2013 | 36 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/593/13 തീയതി 24.06.2013 | 27 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/1794/13 തീയതി. 21.01.14 | 25 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/463/15 തീയതി. 25.06.11 | 19 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/എം.എൽ/582/16 തീയതി.23.05.2016 | 30 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/എം.എൽ./1387/2016തീയതി: 2.8.2016 | 29 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/എം.എൽ.4/2017 തീയതി 18-01-2017 | 32 | |

ഒപ്പ്
ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ

ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 51221360/- രൂപയും ചെലവ് 132773646.50/-രൂപയുമാണ്.
2. 2015-16 വാർഷികധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പരസ്യനികുതി യിനത്തിലെയും ഓഫീസ് കെട്ടിടങ്ങളുടെ വാടകയിനത്തിലെയും കുടിശ്ശിക യഥാക്രമം 25404/-രൂപയും 3041/-രൂപയുമാണ്. എന്നാൽ 2016-17 ലെ RP-37 ഷെഡ്യൂൾ പ്രകാരം ഈ ഇനങ്ങളിലെ കുടിശ്ശികയായി 100865/-രൂപയും,15205/- രൂപയും ഈടാക്കിയിട്ടുണ്ട്.
3. ഗുണഭോക്താക്കൾക്ക് അക്കൗണ്ട് വഴി നൽകിയ പെൻഷൻ തുക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. A, C ഫണ്ടുകളുടെ വരവാണ് B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിരിക്കുന്നത്.
5. General ledger trial balance പ്രകാരമുള്ള 2015-16 സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പ് 29621280.90/- രൂപയാണ്. 2016-17 ലെ -ഈ ഇനത്തിലെ മുന്നിരിപ്പ് 159868009.90/- രൂപയാണ്.
6. I-6 ഷെഡ്യൂളിൽ A,C ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തിയിട്ടില്ല.
7. അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. Try M.F.A/C -1 ന്റെ വാർഷികധനകാര്യ പത്രികപ്രകാരമുള്ള മുന്നിരിപ്പും നീക്കിയിരുപ്പും -1400/-രൂപയാണ്.എന്നാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പും നീക്കിയിരുപ്പും 1400/-രൂപയാണ്.
9. ട്രഷറി M.F.A.I,T.S.B (own fund) അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
10. M.C.F. (II-A, II-B, II-C, III, IV, V) അക്കൗണ്ടുകളുടെ ട്രഷറി സ്റ്റേറ്റ്മെന്റ്/ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
11. I.O.B. Tourism അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
12. പരസ്യനികുതിയിനത്തിലെ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ വരവ് 233900/-രൂപയാണ്

എന്നാൽ വാർഷികധനകാര്യ പത്രികപ്രകാരം ഈ ഇനത്തിൽ വരവില്ല

13. ഡി.&ഒ,തൊഴിൽ നികുതി, വാടകയിനങ്ങളിലെ രജിസ്റ്ററിൽ ഡി.സി.ബി.സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

14. കെട്ടിടനികുതിയിനത്തിൽ വാർഷികധനകാര്യ പത്രികപ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുക 13581895/- രൂപയാണ്. സഞ്ചയ software പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുക 2239193/- രൂപയാണ്.

15. ആസ്തി, സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

16. B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 1175269/-രൂപ അവശേഷിക്കുന്നുണ്ട്.

17. B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസിനത്തിൽ 10,696,794/- രൂപ ക്രമീകരിക്കാനുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

18. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള K.U.R.D.F.C.ലോൺ തിരിച്ചടവ് 1410515/- രൂപയാണ്. രജിസ്റ്റർ പ്രകാരമുള്ള ഈ ഇനത്തിലെ തിരിച്ചടവ് തുക 115783/- രൂപയാണ്.ലോൺ സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ (ഇ.എം.എസ്) എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

    B-11 ഷെഡ്യൂൾ പ്രകാരം capital work in progress എന്ന ഹെഡിൽ 12016999/-രൂപയുണ്ട്.തൻവർഷം part payment ആയി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല..

19. I.K.M. വിഹിതമായി 2015623/-രൂപ ഒടുക്കിയിട്ടുണ്ട്. ആയത് വാർഷികധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

20. I.O.B. (own fund) ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 23230/-രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ്-23230/-രൂപയുമാണ്.

21. സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള ആകെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.